പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1559 | 06.03.2020-ലെ മറുപടിക്ക്

## അമിത വേഗതയും അശ്രദ്ധമായ ഡ്രൈവിംഗും നിയന്ത്രിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി

" കെ.ജെ. മാക്സി

" പി. ഉണ്ണി

" വി. അബ്ദുറഹിമാൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നിരത്തുകളിൽ നാൾക്കുനാൾ വാഹനാപകടങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) | കാലാവസ്ഥ, റോഡുകളുടെ പരിമിതികൾ, വാഹനങ്ങളുടെ തകരാറുകൾ വാഹനങ്ങളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് എന്നിവയെല്ലാം അപകടങ്ങൾക്ക് കാരണമാകുന്നുവെങ്കിലും മോട്ടോർ വാഹന നിയമലംഘനങ്ങളാണ് റോഡപകടങ്ങളുടെ ഏറ്റവും പ്രധാന കാരണം. |
| (ബി) | അമിത വേഗതയും അശ്രദ്ധമായ ഡ്രൈവിംഗും വാഹനാപകടങ്ങളുടെ മുഖ്യ കാരണങ്ങളാകുന്നതിനാൽ ഇവ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ; | (ബി) | അമിത വേഗതയും, അശ്രദ്ധമായ ഡ്രൈവിംഗും, വാഹനാപകടങ്ങളുടെ പ്രധാന കാരണങ്ങളാണ്. ഇത്തരം നിയമലംഘനങ്ങൾ കണ്ടുപിടിക്കപ്പെട്ടാൽ പിഴ ഈടാക്കുന്നതോടൊപ്പം ഡ്രൈവറുടെ, ലൈസൻസ് താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇത് നിയമലംഘനങ്ങൾ കുറയ്ക്കുന്നതിന് സഹായകരമാകുന്നു. |
| (സി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | റോഡ് സുരക്ഷ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പിൽ 85 പുതിയ സ്ക്വാഡുകൾ കൂടി രൂപീകരിച്ചിട്ടുണ്ട്. സേഫ് കേരള എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി എല്ലാ ജില്ലയിലും കൺട്രോൾ റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കൺട്രോൾ റൂമുകൾ നവീകരിക്കുന്നതിനും ആധുനിക സംവിധാനങ്ങളോടുകൂടി സജ്ജീകരിക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. ഇതിന്റെ ആധുനികവൽകരണത്തിന്റെ ഭാഗമായി അത്യന്താധുനിക സംവിധാനങ്ങ |

| | | | |
|---|---|---|---|
| | | | ളോടുകൂടിയ 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br>വാഹനാപകടങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനായി ഒരു വർഷം നീണ്ടു നിൽക്കുന്ന ബോധവൽക്കരണ പരിപാടികൾ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കേന്ദ്രീകരിച്ച് നടത്തി വരുന്നു. വിവിധ മാധ്യമ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രചരണ പരിപാടികൾ വർഷം ഉടനീളം നടത്തിവരുന്നു. മലയാള മനോരമയുമായി ചേർന്ന്, കേരള ബ്ലാസ്റ്റേഴ്സിനോടൊപ്പം ഒരു വർഷം നീണ്ടു നിൽക്കുന്ന റോഡ് സുരക്ഷാ പ്രചരണ പരിപാടി മുഖ്യമായും യുവാക്കളെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ്. ഏഷ്യാനെറ്റുമായും, മാതൃഭൂമിയുമായും ചേർന്ന് ഇത്തരം പ്രചരണ പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു.<br>ആകാശവാണി, എഫ്.എം. സ്റ്റേഷനുകൾ വഴിയും കേരളത്തിലെ എല്ലാ സ്വകാര്യ എഫ്.എം സ്റ്റേഷനുകൾ വഴിയും റോഡ് സുരക്ഷാ പരിപാടികളും പരസ്യങ്ങളും സന്ദേശങ്ങളും സംപ്രേഷണം ചെയ്തു വരുന്നു.<br>സ്കൂളുകളിൽ റോഡ് സുരക്ഷാ വാരാചരണം നടത്തി, റോഡ് സുരക്ഷാ ക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ എല്ലാ ക്ലാസ് മുറികളിലും റോഡ് സുരക്ഷാ പോസ്റ്ററുകൾ പ്രദർശിപ്പിക്കുവാനും, സ്കൂൾ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ റോഡ് സുരക്ഷാ ഉൾപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു.<br>ഇതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് പരിശീലനം നൽകുവാൻ തീരുമാനിക്കുകയും, അവർക്കുള്ള കൈപ്പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പാഠ്യപദ്ധതിയിൽ റോഡ് സുരക്ഷാ ഉൾക്കൊള്ളിക്കുന്നതിന് SCERT-യുമായി സഹകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.<br>പോലീസ് - മോട്ടോർ വാഹന വകുപ്പുകളിൽ നിന്നുള്ള എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുന്നതിന് ഉപകരണങ്ങൾ |

| | | | |
|---|---|---|---|
| | | | വാങ്ങുന്നതിനുള്ള നിർദ്ദേശത്തിന്മേൽ കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് അനുവദിക്കുന്നുണ്ട്. അമിത വേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങളുൾപ്പടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടു വരുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ പോലീസ് - മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, അവിനാശി ബസ് അപകടം പോലുള്ള ദുരന്തങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കുന്നതിനായി ദേശീയപാതയിലും സംസ്ഥാന പാതയിലും എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>അമിത വേഗത, വാഹനമോടിയ്ക്കവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്കുവാഹനങ്ങളിലെ അമിതഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാരെ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന - പോലീസ് വകുപ്പുകൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | റോഡ് സുരക്ഷ സംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനായി നടത്തിവരുന്ന പരിശീലന പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | റോഡ് സുരക്ഷാ വാരാചരണം, എഫ്.എം. ഓൾ ഇന്ത്യ റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും, ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന / ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ / കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡു സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തി വരുന്നു. കൂടാതെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം വളർത്തിയെടുക്കുന്നതിനും റോഡ് 'സുരക്ഷാവാരം' കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ 2019 ജൂൺ 10 മുതൽ 14 വരെ |

| | | | |
|---|---|---|---|
| | | | നടത്തിയതിൽ സ്കൂൾ വാഹനങ്ങളുടെ സുരക്ഷാ, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിത യാത്ര ഉറപ്പാക്കൽ എന്നിവയ്ക്ക് മുൻഗണന നൽകുകയുണ്ടായി. അദ്ധ്യാപകർ, പി.റ്റി.എ, സ്കൂൾ ജീവനക്കാർ, ഡ്രൈവർമാർ, വിദ്യാർത്ഥികൾ എന്നിവർക്ക് റോഡ് സുരക്ഷാ ക്ലാസ് നൽകുവാൻ ഉദ്ദേശിക്കുന്നു. അത് പോലെ തന്നെ സ്കൂൾ അസംബ്ലിയിൽ റോഡ് സുരക്ഷാ സന്ദേശങ്ങൾ വായിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br>കേരള റോഡ് സുരക്ഷാ അതോറിറ്റി SCERT-യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ അവബോധം നൽകുന്നതിനായി അദ്ധ്യാപകർക്ക് 'റോഡ് സുരക്ഷിത യാത്ര' എന്ന കൈപ്പുസ്തകം തയ്യാറാക്കി പ്രകാശനം നിർവഹിച്ചിട്ടുണ്ട്. കുട്ടികളുടെ പാഠ്യപദ്ധതിയിൽ ഇത് ഒരു വിഷയമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**